# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6618 01.11.2011 ൽ മറുപടിയ്ക്ക്**

**പലകപാണ്ടി പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ മന്ത്രി) |
| (എ) നെന്മാറ മണ്ഡലത്തിലെ പലകപാണ്ടി പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ; | (എ) പലകപാണ്ടി പദ്ധതിയുടെ മെയിൻ കനാലിന്റെ പണികൾ നാല് ഘട്ടങ്ങൾ (Reaches) ആയാണ് ക്രമീകരിച്ചിട്ടുള്ളത്. അതിൽ ആദ്യത്തെ മൂന്ന് ഘട്ടങ്ങളുടെ പണികൾ പൂർത്തിയായി. 4-ാം ഘട്ടത്തിന്റെ എർത്ത് വർക്ക് പൂർത്തിയായി. കനാലിന്റെ 'സൈഡ് പ്രൊട്ടക്ഷൻ' പണികൾ ബാക്കിയുണ്ട്. |
| (ബി) ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കേണ്ടത്; | (ബി) നാലാം ഘട്ടത്തിലെ കനാലിന്റെ 'സൈഡ് പ്രൊട്ടക്ഷൻ' പണികളും കനാൽ വാച്ച്മാൻ ക്വാട്ടേഴ്സിന്റെ പണികളും പൂർത്തിയാക്കേണ്ടതുണ്ട്. |
| (സി) ഈ പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ? | (സി) 2012 മെയ് മാസം 31-ാം തീയതി പൂർണ്ണമായി കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ